(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വപ്നനഗരി പദ്ധതി ഇല്ലാതാക്കുന്നതിനുവേണ്ടി 16.2.1996-ൽ 42391/ഡി3 /95/തഭവ എന്ന നമ്പരിൽ ഒരു ഉത്തരവ് ഇറക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് സ്വപ്നനഗരി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാമർശവിധേയമായ സ്ഥലത്ത് സ്വപ്നനഗരി എന്ന ഒരു പദ്ധതി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പരിഗണനയിലില്ലെന്നും, സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള ആവശ്യം പരിഗണനയിലില്ലെന്നും 7.2.1996-ൽ കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 16.2.1996-ലെ 42391/ഡി3 /95/തഭവ എന്ന കത്തുമുഖേന മാർക്കസു സയാഫത്തി സുന്നിയ്യ വക ആശുപത്രി മുതലായവ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം അക്വിസിഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്നറിയിക്കുകയുണ്ടായി.

(സി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നകാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

## റോഡു കയ്യേറിയതായി പരാതി

121 (2914)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ മുടവൻമുഗൾ വാർഡിൽ സർവ്വേ നമ്പർ 936/234- ൽ 4.124 സെന്റ് വസ്തുവിന്റെ ഉടമ കോർപ്പറേഷനിൽ നിന്നു കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി വാങ്ങിയശേഷം കെട്ടിട നിർമ്മാണചട്ടം ലംഘിച്ചുകൊണ്ട് വടക്കുഭാഗത്തുള്ള റോഡ് കയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ സർവ്വേ നമ്പരിലുള്ള വീടിന്റെ ചുറ്റുമതിൽ കെട്ടുന്നതിന് തെറ്റായ പ്ലാൻ അപേക്ഷ നൽകിയതും ട്രിഡ അനുമതി നൽകാതിരുന്നിട്ടും കോർപ്പറേഷൻ അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) വസ്തുവിൽ കെട്ടിടം നിർമ്മിക്കുന്നതിനായി വില ആധാരപ്രകാരമുള്ള സൈറ്റ് പ്ലാനും (എൽ.ആർ. 597/94) അതേ വസ്തുവിൽ തന്നെ മതിൽ കെട്ടാൻ തെറ്റായ സൈറ്റ് പ്ലാനും (എൽ.ആർ. 1952/96) നൽകിയിട്ടും കോർപ്പറേഷൻ മതിൽ കെട്ടുന്നതിന് അനുമതി നൽകിയത് നിയമപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിലെ വിജിലൻസ് ഓഫീസർ സ്ഥലം സന്ദർശിച്ച് വസ്തു ഉടമ കെട്ടിടനിർമ്മാണചട്ടം ലംഘിച്ച് മതിൽ കെട്ടിയതായി കണ്ടെത്തി മേൽനടപടിക്കായി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതുസംബന്ധിച്ച് സെക്രട്ടേറിയറ്റിലുള്ള തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് വിശദമായ റിപ്പോർട്ടിനായി എഴുതിയിട്ടുണ്ടോ; എങ്കിൽ എന്ന്; ഇക്കാര്യത്തിൽ കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; മറുപടി ലഭിച്ചിട്ടില്ലെങ്കിൽ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) അനധികൃതമായി പൊതുവഴിയിലേക്ക് മതിൽ ഇറക്കി കെട്ടി അതുവഴിയുള്ള യാത്ര ദുഷ്കരമാക്കിയ മേൽപ്പറഞ്ഞ വസ്തുവിന്റെ മതിൽ പൊളിച്ചുമാറ്റി റോഡ് വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം. ആക്ട് പ്രകാരമുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) ട്രിഡ അംഗീകാരം നൽകി അയച്ച പ്ലാൻ പ്രകാരം തന്നെയാണ് കോർപ്പറേഷൻ അനുമതി നൽകിയിട്ടുള്ളത്.

(സി) മതിൽ കെട്ടുന്നതിന് അനുമതി നൽകിയത് നിയമപ്രകാരമാണ്. എന്നാൽ മതിൽ നിർമ്മിച്ചപ്പോൾ ഒരു പോയിന്റിൽ വഴിയുടെ വീതിയിൽ 20 സെ.മീ. കുറവുവന്നു.

(ഡി) കോർപ്പറേഷൻ ടി മതിൽ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ഇ) റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. വിശദമായ റിപ്പോർട്ട് ഗവൺമെന്റിലേക്ക് അയച്ചിരുന്നു. പ്രസ്തുത മതിൽ പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത മതിൽ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ചാവക്കാട് നഗരസഭ സ്ഥലം വാങ്ങിയ നടപടി

**122 (2920)**ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭ മത്സ്യമാർക്കറ്റ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ തുടങ്ങുന്നതിനുവേണ്ടി സ്ഥലം വാങ്ങിയതു സംബന്ധിച്ച് സർക്കാരിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം വാങ്ങുന്നതു സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കമ്മീഷൻ ലഭിച്ചിരുന്നോ എന്നും എത്ര കമ്മീഷൻ ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(സി) മത്സ്യമാർക്കറ്റിനെടുത്ത സ്ഥലം തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ടതും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെടുത്ത സ്ഥലം ഉപ്പുവെള്ള പ്രദേശമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കമ്മീഷൻ പ്രകാരം അപേക്ഷ സമർപ്പിച്ചവരുടെ കൈവശമുള്ള ഭൂമി തന്നെയാണോ ഈ ആവശ്യങ്ങൾക്കായി നഗരസഭ വാങ്ങിയത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly